**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 89** | **10-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റകൃത്യങ്ങളുടെ നിരക്കിലുള്ള വ്യത്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്ക് പ്രകാരം നടപ്പ വർഷം സംസ്ഥാനത്തുണ്ടായിട്ടുള്ള കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിലുള്ള കേസുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വ്യത്യാസം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ മുൻ വർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിട്ടുള്ള വ്യത്യാസം എത്രയാണെന്ന് അറിയിക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | 2016 മുതലുള്ള പ്രസ്തുത കണക്കുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ നിരക്ക് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ; | (ബി) | 2016 മുതലുള്ള പ്രസ്തുത കണക്കുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ കുറ്റ കൃത്യങ്ങളുടെ നിരക്ക് ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ആക്ഷൻ എഗെയ്ൻസ്റ്റ് ഗുണ്ട ( ആഗ്) ഓപ്പറേഷൻ വഴി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നിയന്ത്രിക്കുന്നതിനും പൊതുസമാധാനം, സുരക്ഷ എന്നിവ ഉറപ്പു വരുത്തുന്നതിനുമായി കേരള പോലീസ് ഓപ്പറേഷൻ 'ആഗ്' (Augmented Action Against Anti Socials And Goondas- Operation AAAG) എന്ന സ്പെഷ്യൽ ഡ്രൈവ് നടത്തി വരുന്നു. ക്രമസമാധാന പരിപാലനത്തിനും ജനങ്ങളുടെ സ്വതന്ത്ര ജീവിതത്തിനും തടസ്സം നിൽക്കുന്ന കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സാമൂഹ്യ വിരുദ്ധരെയും ഗുണ്ടകളെയും തുറങ്കിലടക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിക്ക് വ്യാപകമായ സ്വീകാര്യതയാണ് ലഭിച്ചത്. ഇതിന്റെ ഭാഗമായി നിരവധി ഗുണ്ടകൾക്കെതിരെ കാപ്പ നിയമപ്രകാരം നടപടിയെടുത്തും, ക്രിമിനലുകളുടെയും, കേസ്സുകളുടെയും വിവരങ്ങൾ നിരന്തരം ശേഖരിച്ചും, അവർക്കെതിരെ ഉചിതമായ നിയമ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചും, ഇത്തരം ആൾക്കാരെ സൂക്ഷ്മമായി നിരീക്ഷിച്ചും വരുന്നു. |

സെക്ഷൻ ഓഫീസർ